**<u>അടിയന്തിരം</u>**

നമ്പർ: ഇ എം(2)19892/11

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 12/07/2011

സഹകരണസംഘം രജിസ്ട്രാർ,
തിരുവനന്തപുരം.

എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും

എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും

സർ,

വിഷയം:- പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം - സംഘങ്ങളുടെ ക്ലാസ്സിഫിക്കേഷൻ പ്രകാരം ശമ്പള പരിഷ്ക്കരണം നിർണ്ണയിക്കേണ്ടത് - നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്

സൂചന:- 1) 25.02.2011 ലെ സ.ഉ (പി)36/11-ാം നമ്പർ ഉത്തരവ്.
2) 02.04.2011 ലെ 27/11-ാം നമ്പർ സർക്കുലർ.
3) കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയന്റെ 17/05/11ലെ നിവേദനം
4) കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഫ്രണ്ടിന്റെ 06/07/11ലെ നിവേദനം.

സൂചന ഒന്നിലെ സർക്കാർ ഉത്തരവുപ്രകാരം പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളം പരിഷ്ക്കരണം നടപ്പാക്കിയിട്ടുണ്ട്. ആയതുപ്രകാരം, 01.04.2009 ൽ സംഘം ഏതു ക്ലാസ്സിലാണോ ഉൾപ്പെടുന്നത്, ആ ക്ലാസ്സിലെ ശമ്പളം പുതുക്കി നിർണ്ണയിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് കൂടുതൽ വ്യക്തമായ നിർദ്ദേശം നൽകേണ്ടതാണെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള സൂചന മൂന്നും നാലും നിവേദനങ്ങൾ പരിഗണിച്ച്, സംഘങ്ങൾക്ക് ഏറ്റവും അവസാനം അംഗീകാരം ലഭിച്ച ഉത്തരവ് പ്രകാരം 01.04.2009 ൽ സംഘം ഏതു ക്ലാസ്സിലാണോ ഉൾപ്പെട്ട് പ്രവർത്തിക്കുന്നത് ആ ക്ലാസ്സിൽപ്പെടുത്തി ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം നടപ്പാക്കേണ്ടതാണ് എന്ന് അറിയിക്കുന്നു.

താങ്കളുടെ വിശ്വസ്തൻ,
ഒപ്പ്,
ജോയിന്റ് രജിസ്ട്രാർ (എസ്.സി/എസ്.റ്റി)
സഹകരണസംഘം രജിസ്ട്രാർക്കു വേണ്ടി

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ.എം) i/c